## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ജീവനക്കാര്യം - മുഖ്യമന്ത്രിയുടെ പൊതുജന പരിഹാര സംവിധാനം സി.എം .ഒ പോർട്ടൽ ചാർജ്ജ് ഓഫീസറെ നിയോഗിച്ച് ഉത്തരവാകുന്നു.

---

**ഡി.കെ.എസ്.എ. 1029/എസ്റ്റാ.1/2022** **തീയതി: 07.04.2022**

---

പരാമർശം : സർക്കാർ ഉത്തരവ് (സാധാ) നം 111/2022/ഉ ഭ പ വ തീയതി 28.03.2022

### ഉത്തരവ്

മുഖ്യമന്ത്രിയുടെ പൊതുജന പരിഹാര സംവിധാനം -സി.എം .ഒ പോർട്ടലിന്റെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചാർജ്ജ് ഓഫീസറെ നിയമിക്കുന്നത് സംബന്ധിച്ച് പരാമർശം പ്രകാരം, മാനദണ്ഡങ്ങളും ചുമതലകളും നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ,സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സി.എം.ഒ പോർട്ടലിൽ ലോഗിൻ അനുവദിച്ചിട്ടുള്ള എല്ലാ ഓഫീസുകളിലും ചാർജ്ജ് ഓഫീസറെ നിയോഗിക്കണമെന്നും ചാർജ്ജ് ഓഫീസറുടെ വിശദാംശങ്ങൾ അതാത് ഓഫീസുകളിൽ പ്രധാന്യത്തോടെ പ്രദർശിപ്പിക്കണമെന്നും പരാമർശം പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ചാർജ്ജ് ഓഫീസറുടെ ചുമതലകളും സർക്കുലറിൽ വിശദമാക്കിയിട്ടുണ്ട്.

പരാമർശ പ്രകാരമുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ചുമതലകൾ നിർവ്വഹിക്കുന്നതിന് ഈ വകുപ്പിലെ ജോയിന്റ് ഡയറക്ടറായ ശ്രീമതി സാലമ്മ ബസേലിയോസിനെ സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസറായി നിയോഗിച്ച് ഉത്തരവാകുന്നു.

ഡയറക്ടർ

ശ്രീമതി സാലമ്മ ബസേലിയോസ്, ജോയിന്റ്ഡയറക്ടർ,ഡയറക്ടറേറ്റ്

എല്ലാ സബ് ഓഫീസുകൾക്കും

**പകർപ്പ്**

1. ഒ & എം സെക്ഷൻ (സി.എം .ഒ പോർട്ടൽ ചാർജ്ജ് ഓഫീസറുടെ വിശദാംശങ്ങൾ അടങ്ങിയ ബോർഡ് സ്ഥാപിക്കുന്നതിന്)
2. ഐ ടി സെക്ഷൻ (സി.എം .ഒ പോർട്ടൽ ചാർജ്ജ് ഓഫീസറുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
3. ജോയിന്റ് ഡയറക്ടർ/സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ ഡെപ്യൂട്ടി ഡയറക്ടർ ഡയറക്ടറേറ്റ്
4. എസ്റ്റാ 2,3,4 സെക്ഷനുകൾ

---